# മാർ ജോസഫ് പണ്ടാരശ്ശേരിൽ

## ആടുകളെ തേടിച്ചെല്ലുന്ന ഇടയൻ



കോട്ടയം അതിരൂപതയുടെ 95-ാം ജന്മദിനം 2006 ആഗസ്റ്റ് 29-ാം തീയതി കോട്ടയം അതിരൂപത സഹായമെത്രാനായി സീറോ മലബാർ സിനഡിന്റെ തീരുമാനത്തിലൂടെ നിയമിതനായ മാർ ജോസഫ് പണ്ടാരശ്ശേരി കോട്ടയം അതിരൂപത ശതാബ്ദിയുടെ ചുക്കാൻ പിടിക്കാൻ നിയുക്തനായി.

തന്നെ ഭരമേൽപിച്ച ശതാബ്ദി ആഘോഷങ്ങൾ കൃത്യതയോടെ സ്തുത്യർഹമാം വിധം നിർവഹിച്ച കൊച്ചുപിതാവ് ശതാബ്ദിയുടെ മുഖ്യസ്മാരകമായ എജ്യൂക്കേഷൻ ഫണ്ടിന്റെ (CEFAK) നടത്തിപ്പിനായി ബത്തശ്രദ്ധനായിരിക്കുകയാണ്. ഒപ്പം മലബാർ പ്രദേശത്തെ ജനങ്ങളുടെ സർവ്വതോന്മുഖമായ പുരോഗതിയിലും.

2006 ഒക്ടോബർ 28-ാം തീയതി കോട്ടയം ക്രിസ്തുരാജ കത്തീഡ്രലിൽ വച്ച് തന്നെ പൗരോഹിത്യത്തിലേക്കു കൈപിടിച്ചുയർത്തിയ പ്രഥമ മെത്രാപ്പോലീത്ത മാർ കുര്യാക്കോസ് കുന്നശ്ശേരിയിൽ നിന്നു തന്നെ അംശവടിയും മുക്കുവന്റെ മോതിരവും മെത്രാൻ മുടിയും ഏറ്റുവാങ്ങി.

ഏറ്റുമാനൂർ സെന്റ് ജോസഫ്സ് ഇടവക പണ്ടാരശ്ശേരി ചാക്കോ ഏലിക്കുട്ടിയുടെ ഒൻപതു മക്കളിൽ ഏഴാമനായി 1961 ഏപ്രിൽ 18 ന് മാർ പണ്ടാരശ്ശേരിൽ ജനിച്ചു. ഏഴു സഹോദരിമാരിൽ ഒരാളായ സിസ്റ്റർ ജാക്വലിൻ സലേഷ്യൻ മിഷനറീസ് ഓഫ് ഇമ്മാക്ക്യുലേറ്റിൽ അംഗമാണ്.

ഏറ്റുമാനൂർ ഹൈസ്കൂളിൽ നിന്നും സ്കൂൾ പഠനം പൂർത്തിയാക്കി കോട്ടയം തിരുഹൃദയ കുന്നിലുള്ള മൈനർ സെമിനാരിയിൽ പഠിച്ച് മംഗലാപുരം സെന്റ് ജോസഫ്സ് സെമിനാരിയിൽ ഫിലോസഫിയും തിയോളജിയും അഭ്യസിച്ച് വൈദികപരിശീലനം നേടിയ കൊച്ചുപിതാവ് 1987 ഡിസംബർ 28 ന് വൈദികപട്ടം സ്വീകരിച്ചു. ഡിസംബർ 30ന് മാതൃഇടവകയായ ഏറ്റുമാനൂരിൽ പ്രഥമ ദിവ്യബലി അർപ്പിച്ചു.

അസാധാരണത്വമോ ആകസ്മികതകളോ ഒന്നും അവകാശപ്പെടാനില്ലാതെ പണ്ടാരശ്ശേരിലച്ചൻ അജഗണങ്ങളുടെ ഹൃദയം കീഴടക്കി ശുശ്രൂഷ തുടർന്നു. ചക്കുപള്ളം, കട്ടപ്പന, കരിങ്കുന്നം, ഇടയ്ക്കാട്ട് എന്നീ ഇടവകകളിൽ വികാരിയായതു കൂടാതെ മൈനർ സെമിനാരി റെക്ടർ, പ്രിസ്ബിറ്ററൽ കൗൺസിൽ അംഗം, അഡീഷണൽ ചാൻസലർ, എപ്പാർക്കിയൽ ജഡ്ജി, കൺസൾട്ടർ, കോട്ടയം കോർപ്പറേറ്റ് എജ്യൂക്കേഷണൽ ഏജൻസി സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. 1993-ൽ റോമിൽ സാന്താ ക്രോച്ചേ യൂണിവേഴ്സിറ്റിയിൽ നിന്നും കാനൻ നിയമത്തിൽ ലൈസൻഷ്യേറ്റ് ബിരുദം നേടിയിട്ടുള്ള മാർ ജോസഫ് പണ്ടാരശ്ശേരി, കണ്ണൂർ ശ്രീപുരം പാസ്റ്റൽ സെന്ററിൽ പ്രോട്ടൊസിഞ്ചെല്ലൂസ് ആയി സേവനം അനുഷ്ഠിക്കുമ്പോളാണ് റോമിന്റെ അംഗീകാരത്തോടുകൂടി കോട്ടയം അതിരൂപതയുടെ സഹായമെത്രാനും, കസെതല്ലാ ഡി റീപ്പയുടെ സ്ഥാനിക മെത്രാനുമായുള്ള നിയമന ഉത്തരവ് ക്രിസ്തുരാജ് കത്തീഡ്രലിൽ 2006 സെപ്റ്റംബർ 20 ന് പ്രഖ്യാപിച്ചത്.

2006 ഒക്ടോബർ 28-ാം തീയതി മെത്രാഭിഷേകവേളയിൽ സീറോമലബാർ സിനഡിന്റെ ആദ്യത്തെ മെത്രാൻ നിയമനബുള ചാൻസലർ ഫാദർ തോമസ് കോട്ടൂർ വായിച്ചപ്പോൾ ക്നാനായ മക്കളുടെ മനസ്സിലൂടെ കടന്നുപോയത് കാലാകാലങ്ങളിൽ നല്ല 'ആബൂന്മാരെ" നൽകി ഈ സമൂഹത്തെ ആത്മീയതിൽ വളർത്തുന്ന ദൈവപിതാവിന്റെ അനന്തകാരുണ്യമാണ്.

സഹായമെത്രാൻ മാർ പണ്ടാരശ്ശേരിൽ ആദർശ വാക്യമായി തിരഞ്ഞെടുത്തത്. "കർത്താവാണ് എന്റെ ഇടയൻ എനിക്കൊന്നിനും കുറവുണ്ടാവുകയില്ല" എന്ന 23-ാം സങ്കീർത്തനത്തിന്റെ ആരംഭവചനങ്ങളാണ്. തികച്ചും ലാളിത്യവും, സൗമ്യതയും, വിനീതഭാവവും പുരോഹിത ശുശ്രൂഷയിൽ ഉടനീളം പുലർത്തിയ കൊച്ചുപിതാവ് അജഗണങ്ങളുടെ സുഖദുഃഖങ്ങൾ സ്വന്തമാക്കി "നല്ലയിടയനാവുക" എന്ന തന്റെ വൈദികസ്വപ്നം സാക്ഷാത്കരിക്കാൻ ശ്രമിച്ചതിന്റെ പൂർത്തീകരണമായി അദ്ദേഹത്തിന്റെ മെത്രാൻ പദവിയെ

തനിമയിൽ
ഒരുമയിൽ
വിശ്വാസനിറവിൽ

കാണാൻ കഴിയും. ഇടയൻ എന്ന നിലയിൽ വികാരിയായി പ്രവർത്തിച്ചപ്പോളാണ് സംതൃപ്തിയും സന്തോഷവും കണ്ടെത്തിയതെന്ന് ഏറ്റുപറയുന്ന പിതാവ് ആട്ടിൻപറ്റത്തിലേക്ക് ഇറങ്ങിച്ചെല്ലുന്നതും അവരുടെ എല്ലാമായി തീരുന്നതുമായ ശൈലി സ്വയം സ്വീകരിച്ചിട്ടുള്ള ആളാണ്. ജനങ്ങളുടെ പ്രശ്നങ്ങൾക്ക് വേണ്ടി സമയം കണ്ടെത്തുന്ന മാർ പണ്ടാരശ്ശേരി അവരോട് ചേർന്നുനിൽക്കാനും ആത്മബന്ധം സ്ഥാപിക്കാനും ശ്രമിക്കാറുണ്ട്.

ക്നാനായക്കാർ എവിടെയുണ്ടോ അവിടെയെല്ലാം തന്റെ കഴിവിനൊത്ത് അവരെ ചെന്നു കാണാനും ആത്മീയ ആവശ്യങ്ങൾ നടത്തികൊടുക്കാനും പിതാവ് ശ്രമിക്കാറുണ്ട്.

അതിരൂപത ശതാബ്ദി പരിപാടികൾ, ശതാബ്ദി വിദ്യാഭ്യാസഫണ്ട്, സ്നേഹവീട് പദ്ധതി എന്നിവയുടെ നടത്തിപ്പിനായി കൊച്ചു പിതാവ് അഹോരാത്രം വിശ്രമം മാറ്റിവച്ച് അദ്ധ്വാനിച്ചു. ആളുകളുമായി ഇടപഴകി ബന്ധങ്ങൾ സ്ഥാപിച്ച് ഈ പ്രസ്ഥാനങ്ങൾ വിജയിപ്പിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. ഏറ്റെടുത്ത കാര്യങ്ങൾ, ബോധ്യമുള്ള കാര്യങ്ങൾ നടപ്പാക്കാൻ അദ്ദേഹം കാണിക്കുന്ന ജാഗ്രത പ്രശംസിക്കപ്പെടേണ്ടതാണ്. അതേസമയം എടുക്കുന്ന തീരുമാനങ്ങൾ ദൈവത്തിനും മനുഷ്യനും സംപ്രീതമായിരിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ട്.

“നല്ല ഇടയനായ യേശുവിന്റെ ജീവിതശൈലി സ്വീകരിച്ചുകൊണ്ട് നന്മയോട് പ്രതിപത്തിയുള്ളവനും വിവേകിയും നീതിനിഷ്ഠനും പുണ്യശീലനും ഞാൻ പഠിച്ചറിഞ്ഞ വചനത്തെ മുറുകെ പ്പിടിക്കുന്നവനുമായി – ദൈവത്തിന് പ്രീതിജനകവും മനുഷ്യർക്ക് സ്വീകാര്യവുമായ ഈ സ്നേഹശുശ്രൂഷ ചെയ്യുവാൻ എനിക്കു കൃപലഭിക്കുവാൻ പ്രാർത്ഥിക്കണമെന്ന്” മാർ ജോസഫ് പണ്ടാരശ്ശേരിൽ തന്റെ മെത്രാനഭിഷേകവേളയിൽ വിശ്വാസി സമൂഹത്തിനോട് അഭ്യർത്ഥിച്ചപ്പോൾ അദ്ദേഹത്തിന്റെ “വിഷനും” “മിഷനും” വ്യക്തമാക്കപ്പെട്ടു. ക്നാനായക്കാർ ലോകത്ത് എവിടെയായിരുന്നാലും ബന്ധങ്ങൾ വേർപെടാതെ വിശ്വാസം കാത്തു സൂക്ഷിക്കുന്നതിന് അതിരൂപത മെത്രപ്പോലീത്തയോട് ചേർന്ന് ഇടയ ശുശ്രൂഷ ചെയ്യുന്നതിന് അദ്ദേഹത്തിന് സാധിക്കുമെന്നാണ് അതിരൂപതയിലെ ദൈവജനത്തിന്റെ പ്രതീക്ഷ.

പള്ളിയും പള്ളിക്കൂടവും വിമർശനങ്ങൾക്കു വിധേയമാകുമ്പോഴും മതങ്ങൾക്കു ആധ്യാത്മികത ചോർന്നു കൊണ്ടിരിക്കുമ്പോഴും ആഡംബരത്തിലും ആഘോഷത്തിലും ജീവിതതാളം തകിടം മറിയുമ്പോഴും യേശുവിനെപ്പോലെ ഒരു തിരഞ്ഞെടുക്കപ്പെട്ട ജനതയ്ക്ക് ആത്മീയദർശനവും ദൈവരാജ്യ മൂല്യങ്ങളുടെ ചൂടും വെളിച്ചവും പകരണമെന്ന് കൊച്ചുമെത്രാൻ ആഗ്രഹിക്കുന്നു. വേറിട്ടൊരു ഇടയശബ്ദം, വ്യത്യസ്തമായ നേതൃത്വശൈലി, അതിനായി ക്നാനായ മക്കൾ കാത്തിരിക്കുന്നു. അദ്ദേഹത്തിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങളിലെ വിനയവും, ലാളിത്യവും ശാന്തതയും, അച്ചടക്കവും, സ്ഥിരോത്സാഹവും സുതാര്യതയും എല്ലാറ്റിനുപരി ദൈവഹിതം തിരിച്ചറിയാനുള്ള തീവ്രയജ്ഞവും തുടരുമെന്ന് പ്രതീക്ഷിക്കാം. ബന്ധങ്ങളുടെ ബലമുള്ള ജനതയുടെ പ്രാർത്ഥനയും സഹകരണവും അദ്ദേഹത്തിന് കൂട്ടിനുള്ളപ്പോൾ ഇടയവഴികൾ പ്രകാശപൂർണ്ണമാകും. മാർ ജോസഫ് പണ്ടാരശ്ശേരിയുടെ ഊഷ്മളവും ഹൃദ്യവും ആയ ഇടയ സാന്നിദ്ധ്യം നിലാവുപോലെ അനുഗ്രഹമായി ക്നാനായ മക്കളുടെ മേൽ വീശട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**–റവ. ഡോ. തോമസ് കോട്ടൂർ**

# റൈറ്റ് റവ. ഡോ. അബ്രഹാം വിരുത്തക്കുളങ്ങര



## ക്നാനായ സമുദായത്തിന്റെ അഭിമാന നക്ഷത്രം

ക്നാനായ സമുദായത്തിൽനിന്നും അതിരൂപതയ്ക്കുപുറത്ത് ആദ്യമായി മെത്രനായ മാർ വിരുത്തിക്കുളങ്ങര കല്ലറ പുത്തൻ പള്ളി ഇടവകയിലെ ലൂക്കോസ് ത്രേസ്യാമ്മ ദമ്പതികളുടെ മകനായി 1943 ജൂൺമാസം 5–ാം തീയതി ജനിച്ചു. കല്ലറ എൻ.എസ്.എസിൽ പ്രാരംഭവിദ്യാഭ്യാസത്തിനുശേഷം മിഷനറിയാകണമെന്ന ആഗ്രഹത്തോടെ എസ്.വി.ഡി. സമൂഹത്തിൽ ചേർന്ന് ഇൻഡോർ രൂപതയ്ക്കുവേണ്ടി അദ്ദേഹം 1969 ഒക്ടോബർ 28–നു പുരോഹിതനായി. തുടക്കം മുതലേ തന്റെ വിളിക്കനുസരിച്ച് പൗരോഹിത്യധർമ്മം സ്തുത്യർഹമായ വിധത്തിൽ അനു

തനിമയിൽ
ഒരുമയിൽ
വിശ്വാസനിറവിൽ